**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4945** **01-11-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ ഗവ. ഐ.ടി.ഐ.യിലെ ട്രേഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ ഗവ. ഐ.ടി.ഐ.യിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;Assembly; | (എ) | (എ) ചാത്തന്നൂർ ഗവ. ഐ.ടി.ഐ.യിൽ ഓഫീസ് / അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് കം അക്കാദമിക് ബ്ലോക്ക്, ഐ.എം.സി ബിൽഡിംഗ്, വർക്ക്ഷോപ്പ് ബിൽഡിംഗ് ആന്റ് ഗാരേജ് എന്നിവയ്ക്ക് പുറമെ നിലവിലുള്ള ട്രേഡുകൾക്കാവശ്യമായ സ്ഥലസൗകര്യം, അധിക യൂണിറ്റുകൾ ആരംഭിക്കാനാവശ്യമായ സ്ഥല സൗകര്യം, ഓഫീസ് ഏര്യ, വെർച്വൽ ക്ലാസ്സ് റൂമുകൾ, ഹെൽപ്പ് ഡെസ്കിനാവശ്യമായ സൗകര്യങ്ങൾ, ടോയ് ലെറ്റുകൾ എന്നിവ അടിസ്ഥാന സൗകര്യങ്ങളായി ഉണ്ട്. |
| (ബി) | പ്രസ്തുത ഐ.ടി.ഐ.യിൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയാണെന്നും ഓരോ ട്രേഡിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകാനാകുമെന്നും അറിയിക്കാമോ; | (ബി) | (ബി) ചാത്തന്നൂർ ഗവ. ഐ.ടി.ഐ.യിലെ ട്രേഡുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നമ്പർ ട്രേഡ് കുട്ടികളുടെ എണ്ണം 1 ഇലക്ട്രീഷ്യൻ 40 2 ഫിറ്റർ 40 3 മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ 48 4 ഡ്രാഫ്റ്റ്സ്മാൻ സിവിൽ 24 5 സർവ്വെയർ 48 6 പെയിന്റർ ജനറൽ 20 7 വെൽഡർ 40 8 ഡ്രസ്സ് മേക്കിംഗ് 20 ആകെ 280 |
| (സി) | ഐ.ടി.ഐ.യിലെ ഏതെല്ലാം ട്രേഡുകൾക്ക് എൻ.സി.വി.ടി. അംഗീകാരമുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | (സി) ചാത്തന്നൂർ ഗവ. ഐ.ടി.ഐ.യിൽ പരിശീലനം നൽകുന്ന എല്ലാ ട്രേഡുകൾക്കും എൻ.സി.വി.ടി. അംഗീകാരമുണ്ട്. |
| (ഡി) | 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പുതുതായി ഏതെങ്കിലും ട്രേഡുകൾ ചാത്തന്നൂർ ഗവ. ഐ.ടി.ഐ.യിൽ ആരംഭിക്കുകയോ നിലവിലുള്ള ഏതെങ്കിലും ട്രേഡ് രണ്ട് യൂണിറ്റായി ഉയർത്തുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | (ഡി) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ചാത്തന്നൂർ ഗവ. ഐ.ടി.ഐ.യിൽ പുതുതായി ട്രേഡുകൾ ആരംഭിക്കുകയോ അധിക യൂണിറ്റുകൾ അനുവദിക്കുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ